**കേരള സർക്കാർ**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :**
**2019 ആഗസ്റ്റ് 31 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**ഭാഗം രണ്ട്**

## കുതിരാൻ പാതയിലെ കുഴിയടക്കാതെ എൻ.എച്ച്.എ ഉദ്യോഗസ്ഥർ ജില്ല വിട്ട് പോകരുത്

കുതിരാനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി മണ്ണുത്തി കുതിരാൻ ദേശീയ പാതയിലെ കുഴികളടയ്ക്കാതെ തൃശൂർ ജില്ല വിട്ടുപോകരുതെന്ന് നാഷണൽ ഹൈവെ അതോറിറ്റി ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടറുടെ നിർദ്ദേശം. കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ, ടി.എൻ പ്രതാപൻ എം.പി, ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, സിറ്റി പോലീസ് മേധാവി യതീഷ് ചന്ദ്ര, എൻ.എച്ച് അതോറിറ്റി റീജ്യനൽ ഓഫീസർ കേണൽ ആശിഷ് ദിവേദി, സീനിയർ പ്രൊജക്ട് മാനേജർ പി. നരസിംഹറെഡ്ഡി, പ്രൊജക്ട് ഡയറക്ടർ പി.കെ. സുരേഷ് എന്നിവർ പങ്കെടുത്ത യോഗത്തെ തുടർന്നാണ് ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ ഉത്തരവ്.

യോഗതീരുമാനങ്ങൾ കൃഷി മന്ത്രി വി.എസ് സുനിൽകുമാർ വാർത്താ സമ്മേ ളനത്തിൽ വിശദീകരിച്ചു. 48 മണിക്കൂറിനുള്ളിൽ കുഴിയടക്കുന്ന പ്രവൃത്തികൾ ആരം ഭിക്കാൻ എൻ.എച്ച് എ ഉദ്യോഗസ്ഥർ സമ്മതിച്ചതായി മന്ത്രി പറഞ്ഞു. കുഴിയടക്കൽ പ്രവൃത്തി ആരംഭിക്കാതെ എൻ.എച്ച്.എ ഉദ്യോഗസ്ഥരായ ആശിഷ് ദിവേദി, പി.നര സിംഹ റെഡ്ഡി, പി.കെ.സുരേഷ് എന്നിവർ ജില്ല വിട്ട് പോകാൻ പാടില്ല. കോൾഡ് മിക്സ്ചർ ഉപയോഗിച്ചാവണം കുഴിയടക്കേണ്ടത്. ക്വാറി വെയിസ്റ്റ് പാടില്ല. ആഴമുള്ള കുഴികളുണ്ടെങ്കിൽ ക്വാറി വെയ്സ്റ്റ് ഇട്ടതിനുശേഷം കോൾഡ് മിക്സ്ചർ ഉപയോഗി ക്കണം.

കുതിരാൻ തുരങ്കം തുറന്ന് നൽകാമെന്ന വാർത്ത തെറ്റിദ്ധാരണ ജനകമാ ണെന്നും ബ്ലോവർ, ഫയർ ആന്റ് സേഫ്റ്റി അനുമതി തുടങ്ങിയ സുരക്ഷ സംവിധാന ങ്ങൾ തുരങ്കത്തിനില്ലെന്നും മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. തുരങ്കം തുറന്ന് നൽകുന്നതിന് ഇനിയും നിരവധി ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. ബ്ലോവർ പ്രവർത്തിക്കാത്തതിനാൽ വാഹനങ്ങൾ പോകുമ്പോൾ കാർബൺ മോണോ ക്സൈഡ് വാതകം തുരങ്കത്തിൽ നിറഞ്ഞ് അപകടകാരിയാവും. ഇളകി നിൽക്കുന്ന മണ്ണ് നീക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ തുരങ്കം തുറക്കാൻ കഴിയില്ല. റോഡിലെ കുഴികളടച്ച് ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാണ് യോഗം പ്രാധാന്യം നൽകിയത്-മന്ത്രി അറിയിച്ചു.

കുതിരാൻ സന്ദർശിച്ച ശേഷം രാമനിലയം ഗസ്റ്റ് ഹൗസിലായിരുന്നു പ്രത്യേക യോഗം. കൃഷിമന്ത്രി വി.എസ് സുനിൽകുമാർ, ടി.എൻ പ്രതാപൻ എം.പി, ചീഫ് വിപ്പ് കെ. രാജൻ, ജില്ലാ കളക്ടർ എസ്. ഷാനവാസ്, എൻ.എച്ച്.എ ആർ.ഒ ആശിഷ് ദിവേ

ദി, കരാർ കമ്പനിയായ കെ.എം.സി പ്രതിനിധി നിരഞ്ജൻ തുടങ്ങിയവർ സന്ദർശന സംഘത്തിലുണ്ടായിരുന്നു.

യോഗതീരുമാനങ്ങൾ സംബന്ധിച്ച് എൻ.എച്ച്.എ പ്രതിനിധികളുമായി സമ്മത പത്രം ഒപ്പുവെച്ചതായും മന്ത്രി പറഞ്ഞു. അടിയന്തിര യോഗതീരുമാനങ്ങൽ സമയബന്ധിതമായി നടപ്പാക്കിയില്ലെങ്കിൽ കർശന നിയമനടപടികളുമായി മുന്നോട്ട് പോകും. മണ്ണുത്തി കുതിരാൻ ദേശീയപാതയിലെ ഗതാഗതകുരുക്ക് അടിയന്തിരമായി പരിഹരിക്കുകയാണ് ലക്ഷ്യം മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. ടി.എൻ.പ്രതാപൻ എം.പി, ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, ജില്ലാ കളക്ടർ എസ്. ഷാനവാസ് എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

*കാപ്ഷൻ: കുതിരാൻ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് കൃഷി മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാറിൻെറ നേതൃത്വത്തിൽ തുരങ്കം സന്ദർശിക്കുന്നു*

## പെരിങ്ങൽക്കുത്ത് ഡാമിൻെറ ഒരു സ്ലൂയിസ് ഗേറ്റ് ഇന്ന് (സെപ്. ഒന്ന്) തുറക്കും

പെരിങ്ങൽക്കുത്ത് ഡാമിൻെറ ഒരു സ്ലൂയിസ് ഗേറ്റ് ഇന്ന് (സെപ്. ഒന്ന്) രാവിലെ 11 മണിക്ക് ക്രമാനുസൃതമായി തുറന്ന് നിശ്ചിത അളവിൽ വെള്ളം പുറത്തേക്ക് ഒഴുക്കി വിടുന്നതിന് ജില്ലാ കളക്ടർ എസ്. ഷാനവാസ് ഉത്തരവിട്ടു. ഇതുമൂലം ചാലക്കുടി പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാനും വെള്ളം കലങ്ങാനും സാധ്യതയുള്ളതിനാൽ പുഴയിൽ മത്സ്യബന്ധനത്തിലും മറ്റ് അനുബന്ധ പ്രവൃത്തികളിലും ഏർപ്പെടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയതായും ഉത്തരവിൽ പറഞ്ഞു. തമിഴ്നാട് ഷോളയാർ ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നതിനാലും ജില്ലയിൽ വരുംദിവസങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയുള്ളതിനാലുമാണ് ഈ നടപടി.

421.45 മീറ്ററാണ് നിലവിൽ ഡാമിലെ ജലനിരപ്പ്. 78.35 ശതമാനം വെള്ളം ഡാമിൽ സംഭരിച്ചിട്ടുണ്ട്. ക്രസ്റ്റ് ഗേറ്റിലൂടെ അധികജലം പുറത്തേക്ക് ഒഴുകുന്നുമുണ്ട്.

## ലോക നാളികേര ദിനാഘോഷം സെപ്തംബർ രണ്ടിന്

## നാളികേരാധിഷ്ഠിത വ്യവസായ ഉന്നമനത്തിന് 24.732 കോടി രൂപയുടെ പദ്ധതിയുമായി കാർഷിക സർവ്വകലാശാല

നാളികേരാധിഷ്ഠിത വ്യവസായ ഉന്നമനത്തിന് കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 24.732 കോടിരൂപയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് ലോക നാളികേര ദിനമായ സെപ്തംബർ രണ്ടിന് കേരള കാർഷിക സർവ്വകലാശാലയിൽ തുടക്കമാകുമെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ തൃശൂർ രാമനിലയത്തിൽ പത്രസമ്മേളനത്തിൽ പറഞ്ഞു. നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതിയുടെ ആരംഭവും ലോകനാളികേര ദിനാചരണവും വെള്ളാനിക്കരയിലെ കാർഷിക സർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൻെറ ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. 10 വർഷം കൊണ്ട് നാളികേര ഉൽപാദനത്തിലും നാളികേരാ

ധിഷ്ഠിത വ്യാവസായിക വളർച്ചയിലും വിപ്ലവകരമായ മാറ്റമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നാളികേര കർഷകരെ സഹായിക്കാൻ വിവിധ പദ്ധതികൾ ഈ വർഷം ആരംഭിക്കും.

നാളികേരാധിഷ്ഠിത വ്യാവസായ വികസനത്തിലെ സുപ്രധാന ചുവടുവെപ്പാണ് കാർഷിക സർവ്വകലാശാലയിൽ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു. നീര, നാളികേരാധിഷ്ഠിത ഭക്ഷ്യവസ്തുക്കൾ, തെങ്ങിൻതടി, മുതലായ വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ ഉന്നമനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. മൂന്നുവർഷം കൊണ്ടാണ് പദ്ധതി നടപ്പിലാക്കുക. സർവകലാശാലയുടെ ഏഴ് കേന്ദ്രങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുക.

രാവിലെ 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ അധ്യക്ഷനാകും. പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചീഫ് വിപ്പ് അഡ്വ. കെ. രാജൻ നിർവഹിക്കും. കാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം ടി.എൻ. പ്രതാപൻ എം.പി. നിർവഹിക്കും. ശിൽപ്പശാല, പ്രദർശനം, കാർഷിക ക്ലിനിക്കുകൾ എന്നിവയും ഉണ്ടാകും.

എം.എൽ.എമാരായ ജി.എസ് ജയലാൽ, കെ.വി. വിജയദാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി ഡി.കെ. സിങ്ങ് , കൃഷി ഡയറക്ടർ രത്തൻ ഖേൽക്കർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ.എസ്. ഉമാദേവി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. വിനയൻ, കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, കാർഷിക സർവകലാശാല രജിസ്ട്രാർ ഡോ. ഡി. ഗിരിജ തുടങ്ങിയവർ പങ്കെടുക്കും. ഡോ. പ്രൊബീർ കുമാർ ഘോഷ് പദ്ധതി വിശദീകരിക്കും. പത്രസമ്മേളനത്തിൽ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബുവും പങ്കെടുത്തു.

*കാപ്ഷൻ: ലോക നാളികേര ദിനത്തോടനുബന്ധിച്ച് തൃശൂർ രാമനിലയത്തിൽ നടന്ന വാർത്താസമ്മേളനത്തിൽ കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ സംസാരിക്കുന്നു*